

# ഖുർആൻവ്യാഖ്യാനത്തിന്റെ ചരിത്രവും വികാസവും

## പി. മുഹമ്മദ് കുട്ടശ്ശേരി

**ഖു**ർആൻസൂക്തങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളും വിധികളും തത്ത്വങ്ങളും മനുഷ്യനു മനസ്സിലായത് വിശദീകരിക്കുന്ന പ്രക്രിയയാണ് തഫ്സീർ. ഈ വാക്കിനു വിശദീകരിക്കുക, വെളിവാക്കുക എന്നൊക്കെയാണ് ഭാഷാർഥമെങ്കിലും ഖുർആൻ വ്യാഖ്യാനിക്കുന്നതിനു മാത്രമായി, പിന്നീട് ഈ പദത്തിന്റെ സാർവത്രികമായ ഉപയോഗം.

അറബിഭാഷയിൽ അവതരിപ്പിക്കപ്പെട്ട ഖുർആനിനു കഴിഞ്ഞ പതിനാലു നൂറ്റാണ്ടിനിടയ്ക്ക് അറബിയിൽ രചിക്കപ്പെട്ട തഫ്സീറുകളുടെ എണ്ണം നിരവധിയാണ്. ഈ വൈജ്ഞാനികപ്രവർത്തനം ഇന്നും അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. ഓരോ തഫ്സീറിലും അത് രചിച്ച മുഫസ്സിറി(വ്യാഖ്യാതാവ്)ന്റെ വീക്ഷണങ്ങളും സമീപനരീതികളും കാലഘട്ടത്തിന്റെ വിജ്ഞാന-ചിന്തകളും പ്രതിഫലിക്കുക സ്വാഭാവികമാണ്. ഇത് സൃഷ്ടിക്കുന്ന വ്യാഖ്യാനവൈവിധ്യം ഖുർആനികാശയങ്ങളുടെ വൈപുല്യവും മുഫസ്സിറുകളുടെ വീക്ഷണവ്യത്യാസങ്ങളും മനസ്സിലാക്കാനും അതുവഴി ഖുർആന്റെ മഹത്വവിശേഷം ബോധ്യപ്പെടാനും അവസരമുണ്ടാക്കുന്നു. നൂറ്റാണ്ടുകളിലൂടെ സഞ്ചരിച്ച അറബിതഫ്സീറുകളുടെ നീണ്ട ചരിത്രം പഠിക്കുന്നത് ഖുർആൻവ്യാഖ്യാനത്തിന്റെ വികാസപരിണാമങ്ങൾ ഗ്രഹിക്കാനും അതുവഴി ഖുർആന്റെ അഗാധതയിലേക്ക് ആണ്ടിറങ്ങാനും അനിവാര്യമാണ്.

ഖുർആന്റെ ആദ്യത്തെ മുഫസ്സിർ മുഹമ്മദ്(സ) തന്നെയാണ്. നാൽപതു വയസ്സു മുതൽ അറുപത്തിമൂന്നു വയസ്സുവരെയുള്ള നബിയുടെ ഇരുപത്തിമൂന്നു വർഷത്തെ പ്രബോധനകാലമത്രയും ഖുർആൻ അവതരിക്കുന്നതിനനുസരിച്ച് അതിനെ ജീവിതത്തിൽ പ്രയോഗവത്കരിക്കുന്ന വ്യാഖ്യാനപ്രക്രിയയായിരുന്നു. ഖുർആൻ കൽപിച്ച നമസ്കാരത്തിന്റെയും അതിനു മുമ്പു പൂർത്തിയാക്കേണ്ട അംഗശുദ്ധിയുടെയും രൂപങ്ങളും സകാത്തിന്റെ കണക്കും മനസ്സിലാക്കാനും ആധാരം നബിയുടെ കർമരൂപത്തിലുള്ള വിശദീകരണമാണ്. ദയ, സ്നേഹം, അയൽവാസികളോടുള്ള കടമ, വിട്ടുവീഴ്ച, സഹിഷ്ണുത തുടങ്ങിയ ഉന്നതമൂല്യങ്ങൾ ജീവിതത്തിൽ പാലിക്കേണ്ടതെങ്ങനെയെന്ന് നബി(സ) കാണിച്ചുകൊടുത്തു. ഖുർആനിൽ തങ്ങൾക്ക് മനസ്സിലാകാത്ത ഭാഗങ്ങൾ അനുയായികൾ നബിയോട് ചോദിക്കുകയും അദ്ദേഹം അത് അവർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഖുർആനിലെ ചില ആലങ്കാരികപ്രയോഗങ്ങളുടെ പൊരുൾ നബി അനുചരന്മാർക്ക് വിശദീകരിച്ചുകൊടുത്തിരുന്നു. "കറുത്ത നൂലും വെളുത്ത നൂലും വേർതിരിച്ചറിയുന്നതുവരെ നിങ്ങൾക്ക് (റമദാൻരാത്രിയിൽ) തിന്നുകയും കുടിക്കുകയും ചെയ്യാം" എന്ന ഖുർആൻവാക്യം അവതരിച്ചപ്പോൾ ചിലർ രാത്രി തലയണയ്ക്കു ചുവട്ടിൽ കറുത്ത നൂലും വെളുത്ത നൂലും വച്ച് അതെടുത്തു നോക്കിക്കൊണ്ടിരുന്നു. പിന്നെ ഈ വിവരം നബിയോട് പറഞ്ഞപ്പോൾ അതിന്റെ ഉദ്ദേശ്യം രാത്രിയുടെ കറുപ്പും പകലിന്റെ വെളുപ്പുമാണെന്ന് അദ്ദേഹം വിശദീകരിച്ചുകൊടുത്തു. അതുപോലെ "വിശ്വസിക്കുകയും വിശ്വാസത്തെ അക്രമവുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവർ" എന്ന ഖുർആൻവാക്യത്തിലെ അക്രമം എന്നതുകൊണ്ടുദ്ദേശ്യം 'ശിർക്ക്' ആണെന്ന് നബി വിശദീകരിച്ചു. ഖുർആൻ നിർദേശിക്കുന്ന സ്വത്തിന്റെ വസ്വിയ്യത്ത് മൂന്നിൽ ഒന്നിൽ കൂടാൻ പാടില്ലെന്നും അനന്തരാവകാശികൾക്ക് സ്വത്ത് വസ്വിയ്യത്ത്ചെയ്യാൻ പാടില്ലെന്നും നബി വ്യക്തമാക്കി.

നബിയുടെ ശിഷ്യന്മാ(സ്വഹാബി)രിൽ ഖുർആൻ വ്യാഖ്യാനിക്കുന്നതിൽ പ്രസിദ്ധരായവർ നാലു ഖലീഫമാർ, ഇബ്നു മസ്ഊദ്, ഇബ്നുഅബ്ബാസ്, ഉബയ്യുബ്നു കഅ്ബ്, സൈദുബ്നു സാബിത്, അബൂമൂസൽ അശ്അരി, അബ്ദുല്ലാഹിബ്നു സുബൈർ(റ) എന്നിവരാണ്. നാലു ഖലീഫമാരിൽ നബിയുമായി ദീർഘകാലത്തെ സഹവാസത്തിനും അദ്ദേഹത്തിന്റെ വിയോഗാനന്തരം ഭരണമേറ്റെടുക്കുന്നതുവരെ ധാരാളം അനുഭവങ്ങൾക്കും അവസരം ലഭിച്ച അലി(റ)യിൽനിന്നാണ് ഖുർആൻവ്യാഖ്യാനവിഷയങ്ങളിൽ മറ്റു ഖലീഫമാരെ അപേക്ഷിച്ച് കൂടുതൽ നിവേദനങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്.

'ഓരോ ഖുർആൻവാക്യവും എന്ത് വിഷയത്തിൽ, എവിടെ അവതരിച്ചു എന്ന് എനിക്കറിയാം. എന്റെ നാഥൻ എനിക്കു ചിന്തിക്കുന്ന ഒരു ഹൃദയവും ചോദിക്കുന്ന ഒരു നാവും തന്നിട്ടുണ്ട്', 'അല്ലാഹുവിന്റെ ഗ്രന്ഥത്തെപ്പറ്റി നിങ്ങൾ എന്നോട് ചോദിക്കുക. പടച്ചവനാണ, ഏത് ആയത്തും അവതരിച്ചത് രാത്രിയോ പകലോ മലയിലോ സമതലത്തിലോ എന്നെല്ലാം എനിക്കറിയാം'- അലിയുടെ ഈ വാക്യങ്ങൾ ഖുർആനിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം വ്യക്തമാക്കുന്നു. എന്നാൽ, ശീഈവിഭാഗക്കാർ അലിയുടെ പേരിൽ ധാരാളം വ്യാജവ്യാഖ്യാനങ്ങൾ നിർമിച്ചിട്ടുണ്ടെന്ന സത്യം ഇവിടെ പരിഗണിക്കേണ്ടതുണ്ട്. നബിയുടെ അനുയായികളിൽ ഖുർആൻ ഏറ്റവുമധികം ഹൃദിസ്ഥമാക്കിയ നല്ല ഓത്തുകാരനായ ഇബ്നുമസ്ഊദിൽനിന്ന് ഖുർആൻപാരായണം ശ്രവിക്കാൻ നബി(സ) താൽപര്യം കാണിച്ചിരുന്നു. പത്തു ഖുർആൻവാക്യങ്ങൾ പഠിച്ചാൽ അത് ഗ്രഹിക്കുകയും ജീവിതത്തിൽ പകർത്തുകയുമായിരുന്നു അദ്ദേഹത്തിന്റെ രീതി. ഖുർആനിലുള്ള അദ്ദേഹത്തിന്റെ അതീവതാൽപര്യമാണ് അതിൽനിന്ന് വ്യക്തമാകുന്നത്. ഖുർആൻവാക്യങ്ങളുടെ ആഴം കണ്ടെത്തിയിരുന്ന ഉബയ്യുബ്നു കഅ്ബിനോട് നബി(സ) ഒരിക്കൽ ഖുർആനിലെ ഏറ്റവും മഹത്തായ വചനം ഏതെന്നു ചോദിച്ചപ്പോൾ ഒരു ഇടർച്ചയും കൂടാതെ ഉടനെ മറുപടി പറയാൻ ഉബയ്യിനു കഴിഞ്ഞു.

എന്നാൽ, *റഈസുൽ മുഫസ്സിരീൻ* (ഖുർആൻവ്യാഖ്യാതാക്കളുടെ നേതാവ്) എന്ന പേരിൽ അറിയപ്പെടുന്ന ഇബ്നു അബ്ബാസ് ആണ് സ്വഹാബിമാരിൽ ഏറ്റവും പ്രസിദ്ധനായ

ഖുര്‍ആന്‍വ്യാഖ്യാതാവ്. അദ്ദേഹത്തിന് ഖുര്‍ആനില്‍ അഗാധജ്ഞാനം ലഭിക്കാന്‍ നബി(സ) പ്രാര്‍ഥിക്കുകയുണ്ടായി. "നബി എന്നെ കൂട്ടിപ്പിടിച്ചു. പിന്നെ പറഞ്ഞു: അല്ലാഹുവേ, നീ ഇദ്ദേഹത്തിനു ഗ്രന്ഥം പഠിപ്പിച്ചു കൊടുക്കേണമേ!" അബ്ദുല്ലാഹിബ്നു മസ്ഊദ് 'തര്‍ജുമാനുല്‍ ഖുര്‍ആന്‍' എന്നാണ് ഇബ്നുഅബ്ബാസിനെ വിശേഷിപ്പിച്ചത്. തഫ്സീറില്‍, ഇബ്നു അബ്ബാസില്‍നിന്നുള്ള റിപ്പോര്‍ട്ടുകള്‍ ക്രോഡീകരിച്ച് *തഫ്സീര്‍ ഇബ്നു അബ്ബാസ്* എന്ന പേരില്‍ ഒരു ഗ്രന്ഥം രചിക്കപ്പെട്ടിട്ടുണ്ട്. എന്നാല്‍, അദ്ദേഹത്തിലേക്കു ചേര്‍ത്തുപറയുന്ന നിവേദനങ്ങളില്‍ ചിലത് വ്യാജമാണെന്ന് ആരോപണമുണ്ട്. *തന്‍വീറുല്‍ മിഖ്യാസ് ഫീ തഫ്സീരി ഇബ്നിഅബ്ബാസ്* എന്ന ഗ്രന്ഥം ഇബ്നുഅബ്ബാസ് രചിച്ചതല്ല. അദ്ദേഹം മരണപ്പെട്ട് ഏഴര നൂറ്റാണ്ട് കഴിഞ്ഞശേഷം ശാഫിഈപണ്ഡിതനായ മുഹമ്മദുബ്നു യഅ്ഖൂബുല്‍ ഫൈറൂസാബാദി ക്രോഡീകരിച്ചതാണ്. തഫ്സീര്‍ പ്രസ്ഥാനത്തിനു അസ്തിവാരമിട്ട പ്രഗത്ഭനായി ചരിത്രം ഇബ്നുഅബ്ബാസിനെ വിലയിരുത്തുന്നു.

ഇബ്നുഅബ്ബാസിന്റെ ഖുര്‍ആന്‍ വ്യാഖ്യാനവീക്ഷണം വ്യക്തമാക്കുന്ന ഒരു സംഭവം ബുഖാരി ഉദ്ധരിക്കുന്നുണ്ട്: ഉമറുബ്നുല്‍ ഖത്താബ് ഒരു ദിവസം നബിയുടെ സ്വഹാബിമാരോട് ചോദിച്ചു: 'നിങ്ങളില്‍ ഒരാള്‍ തനിക്ക് ഈത്തപ്പനയും മുന്തിരിയുമുള്ള തോട്ടം ഉണ്ടാകാന്‍ ആഗ്രഹിക്കുന്നുവോ?' എന്ന ഖുര്‍ആന്‍വാക്യം ആരുടെ കാര്യത്തിലാണ് അവതരിച്ചത് എന്ന് അറിയാമോ? അവര്‍ 'അല്ലാഹുവിനറിയാം' എന്ന് മറുപടി പറഞ്ഞപ്പോള്‍ ഉമര്‍ ക്ഷോഭിച്ചു. 'ഞങ്ങള്‍ക്ക് അറിയാം, അല്ലെങ്കില്‍ അറിഞ്ഞുകൂടാ എന്നേ പറയാവൂ'- ഉമര്‍ നിര്‍ദേശിച്ചു. അപ്പോള്‍ ഇബ്നുഅബ്ബാസ് പറഞ്ഞു: 'എന്റെ മനസ്സില്‍ അതിനെസ്സംബന്ധിച്ച് ഒരാശയമുണ്ട്.' ഉമര്‍: 'സഹോദരാ, പറയൂ! താങ്കള്‍ സ്വയം നിസ്സാരനാക്കരുത്.' ഇബ്നു അബ്ബാസ്: 'ഇത് ഒരു നടപടിയെ ഉപമിച്ചതാണ്.' ഉമര്‍: 'ഏതു നടപടി?' ഇബ്നുഅബ്ബാസ്: 'അല്ലാഹുവിന്റെ കല്‍പനകള്‍ പാലിച്ചു ജീവിച്ചിരുന്ന ഒരു ധനികന്‍. പിന്നെ അയാള്‍ പിശാചിന്റെ ജല്‍പനങ്ങള്‍ക്കു വഴങ്ങി ദുര്‍വൃത്തികളിലേക്കു തിരിഞ്ഞ് അതില്‍ മുങ്ങി'. ഇങ്ങനെ ഖുര്‍ആനിലെ ഉപമകളുടെയും അലങ്കാരപ്രയോഗങ്ങളുടെയുമെല്ലാം പൊരുള്‍ ഇബ്നുഅബ്ബാസിനു അറിയാമായിരുന്നു.

സ്വഹാബിമാരുടെ ശിഷ്യന്മാരായ താബിഉകളില്‍ മക്കയിലെ പ്രസിദ്ധരായ ഖുര്‍ആന്‍വ്യാഖ്യാതാക്കള്‍ മുജാഹിദ്, സഈദുബ്നു ജുബൈര്‍, അത്വാഅ്, ഇക്‌രിമ, ത്വാഊസ് എന്നിവരും, മദീനയില്‍ സൈദുബ്നു അസ്‌ലം, അബുല്‍ആലിയ, മുഹമ്മദുബ്നു കഅ്ബ് എന്നിവരും, ഇറാഖില്‍ മസ്റൂഖ്, ഖതാദ, അല്‍ഖമഃ, ഹസന്‍ബസ്വരി എന്നിവരുമായിരുന്നു.

എന്നാല്‍, സ്വഹാബിമാരുടെയും താബിഉകളുടെയും തഫ്സീര്‍ ഖുര്‍ആന്‍ ആദ്യം മുതല്‍ അവസാനം വരെ ഓരോ സൂക്തവും വ്യാഖ്യാനിക്കുന്ന രീതിയായിരുന്നില്ല. മറിച്ച്, ചില ഖുര്‍ആന്‍വാക്യങ്ങളില്‍നിന്ന് മനസ്സിലാകുന്ന വിധികള്‍, അവതരണപശ്ചാത്തലം, ആയത്തുകളുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ വിവരണം, ചില വാക്കുകള്‍കൊണ്ട് ഉദ്ദേശിക്കപ്പെട്ട ആശയങ്ങളുടെ വിശദീകരണം മുതലായവയായിരുന്നു. അവ അധികവും ഹദീസുകളുടെ സ്വഭാവത്തിലുമായിരുന്നു. എന്നാല്‍, സ്വഹാബിമാരുടെയും താബിഉകളുടെയും കാലത്തെ ഖുര്‍ആന്‍വ്യാഖ്യാനവുമായി ബന്ധപ്പെട്ട റിപ്പോര്‍ട്ടുകളില്‍ ധാരാളം *ഇസ്രാഈലിയ്യാത്ത്* (വേദക്കാരായ ജൂതരുടെയും ക്രൈസ്തവരുടെയും ഇടയില്‍ പ്രചാരത്തിലുണ്ടായിരുന്ന കഥകളും വിശ്വാസങ്ങളും സംബന്ധിച്ച റിപ്പോര്‍ട്ടുകള്‍) കടന്നുകൂടിയിട്ടുണ്ടെന്ന് ആരോപിക്കപ്പെടുന്നു. അഹ്‌ലുല്‍കിതാബില്‍നിന്ന് ഇസ്‌ലാം സ്വീകരിച്ചവര്‍ മുഖേനയാണ് അവ മുസ്‌ലിംകള്‍ക്കിടയില്‍ പ്രചരിച്ചത്. പിന്നീട് രചിക്കപ്പെട്ട തഫ്സീര്‍ഗ്രന്ഥങ്ങളില്‍ അവ സ്ഥാനംപിടിക്കുകയും ചെയ്തു. 'അഹ്‌ലുല്‍കിതാബ് നിങ്ങളോട് പറയുന്നത് നിങ്ങള്‍ വിശ്വസിക്കുകയോ തള്ളുകയോ ചെയ്യരുത്' എന്ന് നബി പ്രസ്താവിച്ചിരുന്നുവെങ്കിലും, ഇസ്‌ലാമിന്റെ അടിസ്ഥാനവിശ്വാസങ്ങള്‍ക്ക് നിരക്കാത്ത പലതും പ്രവാചകന്‍ വിശദീകരിച്ചതെന്ന ലേബലില്‍ തഫ്സീറുകളില്‍ സ്ഥാനംപിടിക്കുകയുണ്ടായി. അഹ്‌ലുല്‍കഹ്ഫി (ഗുഹാവാസികള്‍)ന്റെ നായയുടെ നിറം, പേര്, നൂഹ് നബിയുടെ കപ്പലിന്റെ വലുപ്പം, അതിന്റെ മരം, ഖിദ്ര്‍ വധിച്ച കുട്ടിയുടെ പേര് തുടങ്ങിയവയെല്ലാം തഫ്സീറുകളിലുണ്ടെങ്കിലും അവ നബി വിശദീകരിച്ചതാണെന്നതിനു തെളിവുകളില്ല. തഫ്സീര്‍ഗ്രന്ഥങ്ങളിലെ *ഇസ്രാഈലിയ്യാത്തിനെ* സംബന്ധിച്ച് എഴുതിയ പണ്ഡിതന്മാരില്‍ ഇബ്നുതൈമിയ്യയും ഇബ്നുഖല്‍ദൂനും മുന്‍പന്തിയില്‍ നിലകൊള്ളുന്നു. ഇമാം അഹ്മദുബ്നു ഹമ്പലും തഫ്സീറുകളില്‍ കടന്നുകൂടിയ വിശ്വാസയോഗ്യമല്ലാത്ത നിവേദനങ്ങളെപ്പറ്റി എഴുതിയിട്ടുണ്ട്.

ഹി. 210-ല്‍ നിര്യാതനായ ഇബ്നു ജരീര്‍ ത്വബരിയുടെ *ജാമിഉല്‍ ബയാന്‍ ഫീ തഫ്സീരില്‍ ഖുര്‍ആന്‍* എന്ന 30 വാള്യങ്ങളുള്ള ഗ്രന്ഥമാണ് ഗ്രന്ഥരൂപത്തിലുള്ള പ്രസിദ്ധമായ ഒന്നാമത്തെ തഫ്സീര്‍. ഖുര്‍ആന്‍ ആദ്യം മുതല്‍ അവസാനം വരെ ഓരോ ആയത്തിന്റെയും വ്യാഖ്യാനവിഷയത്തില്‍ വന്ന നിവേദനങ്ങള്‍ അവയുടെ സനദ്സഹിതം ഉദ്ധരിക്കുന്നതോടൊപ്പം ഇബ്നുജരീര്‍ അവയുടെ ബലാബലങ്ങളെ വിലയിരുത്തുകയും സ്വന്തം നിഗമനങ്ങള്‍ പ്രകടിപ്പിക്കുകയും ഓരോ ആയത്തില്‍നിന്നും കണ്ടെത്താവുന്ന വിധികള്‍ തുറന്നുകാണിക്കുകയും ചെയ്യുന്നു. ഇമാം സുയൂത്വി ഇബ്നുജരീറിന്റെ ഗ്രന്ഥത്തെ ഏറ്റവും മഹത്തായ തഫ്സീര്‍ എന്നു വിശേഷിപ്പിക്കുമ്പോള്‍ ഇബ്നുതൈമിയ്യയുടെ വീക്ഷണത്തില്‍ 'ഏറ്റവും ശരിയായത്' ആണ്. ഇബ്നുജരീറിന്റെ തഫ്സീര്‍ കിട്ടാന്‍ ചൈനയില്‍ പോകേണ്ടിവന്നാല്‍പോലും അധികമാവുകയില്ല എന്നാണ് അബൂഹാമിദുല്‍ ഇസ്ഫറായീനി പ്രസ്താവിച്ചത്. ഇബ്നുജരീറിന്റെ തഫ്സീറിലും ഇസ്രാഈലിയ്യാത്ത് കടന്നുകൂടിയിട്ടുണ്ടെങ്കിലും അതിന്റെ ഉറവിടം ഇസ്‌ലാം സ്വീകരിച്ച ഇന്ന ജൂതന്‍, അല്ലെങ്കില്‍ ക്രിസ്ത്യാനി എന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

ഇബ്നുജരീറിനു ശേഷം തഫ്സീര്‍ രചിച്ച പണ്ഡിതന്മാരില്‍പെട്ട സമര്‍ഖന്ദി (മരണം ഹി. 375) ഖുര്‍ആന്‍ ഖുര്‍ആന്‍കൊണ്ടുതന്നെ വ്യാഖ്യാനിക്കുകയും പൂര്‍വികരുടെ വാക്കുകള്‍ സ്വന്തമായ അഭിപ്രായപ്രകടനം നടത്താതെ അപ്പടി ഉദ്ധരിക്കുകയും ചെയ്യുന്നു. ഹി. 427-ല്‍ അന്തരിച്ച നൈസാബൂര്‍കാരനായ സഅ്‌ലബി ഖുര്‍ആനിലെ പദങ്ങളുടെ ഭാഷാപരമായ വശങ്ങള്‍ വിശദീകരിക്കുകയും കര്‍മശാസ്ത്രവിധികള്‍ വ്യക്തമാക്കുകയും ചെയ്യുന്നു. മുന്‍കാല പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലെ റിപ്പോര്‍ട്ടുകള്‍ ശരിയും തെറ്റും വേര്‍തിരിക്കാതെ അപ്പടി പകര്‍ത്തി എന്ന ആരോപണം ഇദ്ദേഹത്തെപ്പറ്റി ഉന്നയിക്കപ്പെടുന്നുണ്ട്. ഹി. 510-ല്‍ നിര്യാതനായ ബഗവിയുടെ *മആലിമുത്തന്‍സീല്‍* എന്ന തഫ്സീറിന്റെ സവിശേഷത റസൂല്‍, സ്വഹാബത്ത്, താബിഉകള്‍ എന്നിവരില്‍നിന്ന് തനിക്ക് ശരിയാണെന്നു ബോധ്യപ്പെട്ടവ മാത്രം ഉദ്ധരിക്കുന്നു എന്നതാണ്. സ്പെയിന്‍കാരനായ ഇബ്നു അത്വിയ്യ (മരണം: ഹി. 546)യുടെ തഫ്സീറിനെ ഇബ്നുഖല്‍ദൂന്‍ മുന്‍കാല തഫ്സീറുകളുടെ സംഗ്രഹമെന്നും ശരിയോട് ഏറ്റവും അടുത്തതെന്നും വിശേഷിപ്പിക്കുന്നു.

ഇബ്നുകസീര്‍ എന്ന പേരില്‍ മുസ്‌ലിംലോകത്ത് പ്രസിദ്ധിയാര്‍ജിച്ച ഹാഫിള് അബുല്‍ഫിദാ ഇസ്മാഈലുബ്നു അംറ് രചിച്ച *തഫ്സീറു ഖുര്‍ആനില്‍അളീം* ലോകപ്രസിദ്ധിയാര്‍ജിച്ചതും എല്ലാ വിഭാഗം പണ്ഡിതന്മാരുടെയും അംഗീകാരം ലഭിച്ചതുമാണ്. ഒരു ആയത്ത് വ്യാഖ്യാനിക്കുമ്പോള്‍ അതേ ആശയം വ്യക്തമാക്കുന്ന ആയത്തുകളും അതിനോട് ബന്ധപ്പെട്ട ഹദീസുകളും തുടര്‍ന്ന് സ്വഹാബത്തിന്റെയും താബിഉകളുടെയും അഭിപ്രായങ്ങളും കൊടുക്കുന്നു. ഇസ്രാഈലിയ്യാത്ത് ശ്രദ്ധിച്ച മുഫസ്സിറാണ് ഇബ്നുകസീര്‍. അദ്ദേഹം തഫ്സീറിനു എഴുതിയ മുഖവുരയില്‍ തന്റെ ഗുരുവായ ഇബ്നുതൈമിയ്യയുടെ അഭിപ്രായങ്ങള്‍ ഉള്‍ക്കൊള്ളിച്ചിട്ടുണ്ട്. ആശയവ്യക്തതയുള്ളതും ഹ്രസ്വവും ലളിതവുമാണ് ഇബ്നുകസീറിന്റെ ശൈലി.

ഹി. 467-ല്‍ നിര്യാതനായ ജാറുല്ലാ സമഖ്ശരി രചിച്ച *അല്‍കശ്ശാഫ്* എന്ന തഫ്സീര്‍ ഖുര്‍ആനിലെ വ്യാകരണം, ഭാഷാപ്രയോഗം, സാഹിത്യാംശം, ശൈലീവിശേഷം എന്നിവ വ്യക്തമായി വിവരിക്കുന്നതുകൊണ്ട് തദ്‌വിഷയങ്ങളില്‍ എല്ലാ വിഭാഗങ്ങളും ഒരു അവലംബകൃ

പനരീതികളും അവലം
ളെ പണ്ഡിതന്മാർ പല ശ
ക്കുന്നു:
**നിവേദനാത്മക തഫ്സീ**
**റുൽ മഅ്സൂർ):**

തിയായി അതിനെ അംഗീകരിക്കുന്നു. എന്നാൽ, മുഅ്തസിലീ പ്രസ്ഥാനവുമായി ബന്ധമുണ്ടായിരുന്ന സമഖ്ശരിയുടെ ആശയങ്ങളിൽ ചിലത് പണ്ഡിതന്മാരുടെ വിമർശനത്തിനു വിധേയമായിട്ടുണ്ട്.

പൂർവകാലപണ്ഡിതന്മാരുടെ രീതിയിൽനിന്ന് വ്യത്യസ്തമായി സ്വന്തമായ വീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തി ഖുർആൻ വ്യാഖ്യാനിച്ച പണ്ഡിതനത്രെ ഹി. 544-ൽ റയ്യിൽ ഭൂജാതനായ ഫഖ്റുദ്ദീൻ റാസി. അറബിയിലും പേർഷ്യനിലുമായി നിരവധി ഗ്രന്ഥങ്ങൾ രചിച്ച ഈ പണ്ഡിതനെ തേടി ദൂരദേശങ്ങളിൽനിന്നുപോലും ആളുകൾ എത്തുമായിരുന്നു. *മഫാതീഹുൽ ഗൈബ്* എന്ന എട്ടു വാല്യങ്ങളുള്ള റാസിയുടെ തഫ്സീർ തന്റെ കാലഘട്ടം വരെയുള്ള മുഴുവൻ വിജ്ഞാനങ്ങളും സമാഹരിച്ച ഒരു സർവവിജ്ഞാനകോശമാണ്. 'ഈ ഗ്രന്ഥം വായിക്കുന്നവൻ വിസ്മയിച്ചുപോകും' എന്നാണ് *കശ്ഫുദ്ദുനൂൻ* എന്ന ഗ്രന്ഥത്തിന്റെ കർത്താവ് പറയുന്നത്.

സ്പെയിൻ സംഭാവനചെയ്ത പ്രസിദ്ധ ഖുർആൻവ്യാഖ്യാതാവാണ് *അൽജാമിഉ ലി അഹ്കാമിൽ ഖുർആൻ* എന്ന തഫ്സീറിന്റെ കർത്താവായ അബൂഅബ്ദില്ലാ ഖുർത്വുബി. പൂർവികപണ്ഡിതന്മാരെ അവലംബമാക്കി വിധികളും തത്ത്വങ്ങളും വ്യത്യസ്ത അഭിപ്രായങ്ങളും പ്രകാശിപ്പിക്കുന്ന ഈ തഫ്സീറിൽ ഭാഷാർഥം വിവരിക്കുന്നതിന് നിരവധി അറബിക്കവിതകൾ ഉദ്ധരിക്കുന്നുണ്ട്. വ്യത്യസ്താഭിപ്രായങ്ങൾ പ്രകടിപ്പിച്ച് അവയെ നിരൂപണത്തിനു വിധേയമാക്കി പ്രബലമായതിനെ സ്ഥാപിക്കുക ഖുർത്വുബിയുടെ രീതിയാണ്.

ശീറാസിനടുത്ത ബൈദാഇൽ ജനിച്ച നാസ്വിറുദ്ദീൻ അബ്ദുല്ല ബൈദാവി (മരണം: 685) രചിച്ച പ്രസിദ്ധ ഖുർആൻ വ്യാഖ്യാനഗ്രന്ഥമത്രെ *അൻവാറുത്തൻസീൽ.* സംഗ്രഹരൂപത്തിൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിൽ ബൈദാവി തന്റെ സ്വന്തമായ വീക്ഷണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ധാരാളം ആശയങ്ങൾ ചുരുങ്ങിയ വാക്കുകളിലൂടെ പ്രകാശിപ്പിച്ചതിനാൽ ചിലപ്പോൾ വായനക്കാരന് ആശയം ഗ്രഹിക്കാൻ നന്നേ പ്രയാസപ്പെടേണ്ടിവരും. പ്രപഞ്ചത്തെയും പ്രകൃതിയെയും സംബന്ധിച്ച ആയത്തുകൾ വ്യാഖ്യാനിക്കുമ്പോൾ ബൈദാവി പ്രകൃതിയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുന്നു.

നസഫ് പട്ടണത്തിൽ ഭൂജാതനായ അബുൽബറകാത്ത് അഹ്മദ് നസഫി (മരണം: ഹി. 710) രചിച്ച തഫ്സീറത്രെ *മദാരികു ത്തൻസീൽ വ ഹഖാഇഖു ത്തഅ്വീൽ.* അധികം ദൈർഘ്യമില്ലെങ്കിലും ഈ തഫ്സീറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് കടഞ്ഞെടുത്ത, ശുദ്ധീകരിച്ച ആശയങ്ങളാണ്. ബഗ്ദാദിൽ ഹി. 678-ൽ ഭൂജാതനായ ഖാസിൻ രചിച്ച തഫ്സീറത്രെ *ലുബാബു ത്തഅ്വീൽ.* ധാരാളം കഥകൾ ഖാസിൻ പറയുമെങ്കിലും അവയെ നിരൂപണത്തിനു വിധേയമാക്കി ശരിയും തെറ്റും വേർതിരിക്കുന്നുണ്ട്.

ഹി. 638-ൽ നിര്യാതനായ സ്പെയിൻകാരനായ മുഹ്യിദ്ദീൻ ഇബ്നുൽ അറബി രചിച്ച *മഫാതീഹുൽ ഗൈബ്* പ്രതീകാത്മകരൂപത്തിൽ ഖുർആൻ വ്യാഖ്യാനിക്കുന്ന തഫ്സീറാണ്. ഇത് പലരെയും വിസ്മയിപ്പിച്ച ഗ്രന്ഥമാണ്.

*തഫ്സീർ ജലാലൈനി* ഹ്രസ്വമെങ്കിലും ആശയസമ്പുഷ്ടവും ലോകത്ത് ഏറ്റവും കൂടുതൽ പ്രസിദ്ധി നേടിയതുമായ ഗ്രന്ഥമാണ്. ജലാലുദ്ദീൻ മഹല്ലി (മരണം: ഹി. 864) സൂറഃ *അൽകഹ്ഫ്* മുതൽ *അന്നാസ്* വരെ വ്യാഖ്യാനമെഴുതി. പിന്നെ *അൽഫാതിഹ* ആരംഭിച്ചപ്പോഴേക്കും മരണം അദ്ദേഹത്തെ തട്ടിയെടുത്തു. പിന്നെ ജലാലുദ്ദീൻ സുയൂത്വി (മരണം: ഹി. 911) യാണ് അത് പൂർത്തീകരിച്ചത്. രണ്ടു ജലാലുമാർ രചിച്ച ഗ്രന്ഥം എന്ന അർഥത്തിലാണ് *ജലാലൈനി* എന്ന് പേരുവന്നത്.

ഹി. 982-ൽ നിര്യാതനായ അബുസ്സുഊദ് രചിച്ച *ഇർശാദുൽ അഖ്ലിസ്സലീം ഇലാ മസായൽ ഖുർആനിൽകരീം* എന്ന തഫ്സീറിൽ ഖുർആന്റെ അമാനുഷികതയുമായി ബന്ധപ്പെട്ട നിരവധി വിവരങ്ങളുണ്ട്. വളരെ ആകർഷകമാണ് ശൈലി.

ഹി. 1217-ൽ ബഗ്ദാദിലെ കർഖിൽ ജനിച്ച അബുസ്സനാ ശിഹാബുദ്ദീൻ ആലൂസി രചിച്ച തഫ്സീറത്രെ *റൂഹുൽ മആനീ.* ഈ തഫ്സീറിൽ ഖുർആൻവാക്യങ്ങളുടെ പ്രത്യക്ഷാർഥം വിവരിച്ചശേഷം വ്യംഗ്യാർഥവും നൽകപ്പെട്ടിട്ടുണ്ട്. ഖുർആൻവാക്യങ്ങളുടെ വ്യാകരണസംബന്ധമായ വിവരണങ്ങൾക്ക് ഈ തഫ്സീർ ഒരു അവലംബകൃതിയാണ്. വളരെ കൃത്യമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ആലൂസിയുടെ തഫ്സീർ ധാരാളം ശാസ്ത്രസത്യങ്ങളെയും കൈകാര്യം ചെയ്യുന്നു. മുസ്ലിംചിന്താപ്രസ്ഥാനങ്ങളായ ശീഈ, മുഅ്തസില, സ്വൂഫിയ്യ, ബാത്വിനിയ്യ തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങളോട് ചായ്വുള്ള പണ്ഡിതന്മാർ രചിച്ച തഫ്സീറുകൾ വേറെയുമുണ്ട്.

ആധുനികകാലഘട്ടത്തിൽ ഖുർആൻവ്യാഖ്യാനവിഷയത്തിൽ ഒരു വ്യതിയാനം സൃഷ്ടിച്ചത് ശൈഖ് മുഹമ്മദ് അബ്ദുവിന്റെ ശിഷ്യനായ സയ്യിദ് റശീദ് രിദാ (മരണം: ക്രി. 1935)ആണ്. അദ്ദേഹം രചിച്ച *തഫ്സീറുൽ മനാർ* ചിന്താലോകത്ത് വമ്പിച്ച വിപ്ലവം സൃഷ്ടിച്ചു. പൗരാണികരുടെ അഭിപ്രായങ്ങളെയും ആധുനികവീക്ഷണങ്ങളെയും സമന്വയിപ്പിക്കുന്ന *തഫ്സീറുൽ മനാറി*ന്റെ രീതി ഖുർആന്റെ ആഴം കാണിച്ചുകൊടുക്കുന്നതാണ്. ക്രി. 1940-ൽ നിര്യാതനായ അലി ജൗഹരി ത്വൻത്വാവിയുടെ *അൽജവാഹിർ ഫീ തഫ്സീരിൽ ഖുർആനിൽകരീം* ശാസ്ത്രസത്യങ്ങളുടെ അടിസ്ഥാനത്തിൽ ഖുർആൻ വ്യാഖ്യാനിക്കുന്ന തഫ്സീറാണ്. എന്നാൽ, അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ അതിനു പ്രസക്തിയുണ്ടായിരുന്നുവെങ്കിലും ശാസ്ത്രവിജ്ഞാനങ്ങളുടെ ദ്രുതഗതിയിലുള്ള മുന്നേറ്റത്തിൽ ത്വൻത്വാവിയുടെ നിഗമനങ്ങൾ പലതും അപ്രസക്തമായിത്തീർന്നു. 1966-ൽ ഈജിപ്തിൽ അന്തരിച്ച സയ്യിദ് ഖുത്വ്ബിന്റെ *ഫീ ളിലാലിൽ ഖുർആൻ* വികാരങ്ങളെയും ചിന്തകളെയും തട്ടിയുണർത്തി ഖുർആനെ മനസ്സിൽ ലയിപ്പിക്കുന്ന ശൈലിയിൽ രചിക്കപ്പെട്ട തഫ്സീറാണ്. സയ്യിദ് ഖുത്വ്ബ് ആശയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകനേക്കാൾ കൂടുതൽ ഉദ്ബോധകനാണ്.

ഇരുപതാംനൂറ്റാണ്ടിൽ ആധുനികചിന്ത ഉൾക്കൊള്ളുന്ന ഖുർആൻ തഫ്സീറുകൾ വേറെയും വിരചിതമായിട്ടുണ്ട്. എന്നാൽ, അറബിയിലല്ലാതെ ഉർദു, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ മൗലാനാ മൗദൂദി, മൗലാനാ അബുൽകലാം ആസാദ്, അല്ലാമാ യൂസുഫ് അലി തുടങ്ങി വിശ്വപ്രശസ്തരായ പണ്ഡിതന്മാർ അറബിതഫ്സീറുകളോട് കിടപിടിക്കുന്നതോ അവയെ കവച്ചുവയ്ക്കുന്നതോ ആയ ആധുനിക ഖുർആൻവ്യാഖ്യാനഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

തഫ്സീർ അടക്കം വിശുദ്ധഖുർആനുമായി ബന്ധപ്പെട്ട വിജ്ഞാനങ്ങൾ വിവരിക്കുന്ന പ്രത്യേക ശാസ്ത്രവിഭാഗം തന്നെയുണ്ട് അറബിയിൽ. അതത്രെ *ഉലൂമുൽ ഖുർആൻ.* ഖുർആന്റെ അവതരണം, അവതരണപശ്ചാത്തലം, മക്കീ-മദനീ വിഭജനം, പാരായണവ്യത്യാസങ്ങൾ, മുസ്ഹഫിന്റെ ചരിത്രം, ഖുർആൻവ്യാഖ്യാനം, വ്യാഖ്യാതാവിനു വേണ്ട യോഗ്യതകൾ, ഖുർആന്റെ അമാനുഷികത, ഖുർആൻവിവർത്തനം തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ഈ വിജ്ഞാനശാഖ കൈകാര്യം ചെയ്യുന്നു. ഇബ്നുതൈമിയ്യയുടെ *മുഖദ്ദിമഃ ഫീ ഉസ്വൂലിത്തഫ്സീർ,* ഇമാം സുയൂത്വിയുടെ *അൽ ഇത്ഖാൻ ഫീ ഉലൂമിൽ ഖുർആൻ,* സർകശിയുടെ *അൽബുർഹാൻ ഫീ ഉലൂമിൽ ഖുർആൻ,* സർഖാനിയുടെ *മനാഹിലുൽ ഇർഫാൻ ഫീ ഉലൂമിൽ ഖുർആൻ* തുടങ്ങിയവയാണ് ഈ വിഷയത്തിലെ പ്രാമാണികഗ്രന്ഥങ്ങളിൽ ചിലത്.

മനുഷ്യന്റെ ചിന്തയും പഠനവും വിജ്ഞാനങ്ങളും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും വളരുംതോറും അതനുസരിച്ച് ഖുർആൻ സംബന്ധിച്ച പഠനവും വളരുകയാണ്. പ്രകൃതിയിലെ പുതിയൊരു രഹസ്യം കണ്ടെത്തുമ്പോഴേക്കും അത് ഖുർആന്റെ വീക്ഷണത്തിൽ വിലയിരുത്തപ്പെടുകയാണ്. അതുകൊണ്ടുതന്നെ കാലത്തോടൊപ്പം ഖുർആൻവ്യാഖ്യാനവും സഞ്ചരിക്കുന്നു. ഖുർആന്റെ അമാനുഷികതയുടെ സുപ്രധാന തെളിവുകളിൽ ഒന്നായി ഈ പ്രത്യേകതയും ഗണിക്കപ്പെടുന്നു.